(എ) വരുന്ന ഓണം, ക്രിസ്തുമസ് തുടങ്ങിയ ആഘോഷങ്ങളോടനുബന്ധിച്ച് റേഷൻ കാർഡുടമകൾക്ക് അരി, പലവ്യഞ്ജനങ്ങൾ തുടങ്ങിയ വിവിധ അവശ്യ സാധനങ്ങൾ വിതരണം ചെയ്യുന്നതിന് സഹകരണ വകുപ്പ് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ;

(ബി) ഇതു സംബന്ധിച്ച് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാം ;

(സി) അവശ്യ സാധനങ്ങളുടെവില പിടിച്ചുനിർത്തുന്നതിനായി സഹകരണ വകുപ്പ് നടത്തുന്ന ഇടപെടലുകൾ ഏതെല്ലാം ; വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ&ബി) ഉണ്ട്. വരുന്ന ഓണത്തോടനുബന്ധിച്ച് 13 ഇനം അവശ്യ നിത്യോപയോഗസാധനങ്ങൾ സർക്കാർ സബ്സിഡിയോടെ വിൽപ്പന നടത്തുന്നതിനുള്ള പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിവരുന്നു. ക്രിസ്തുമസ് സബ്സിഡി വിപണനം സംബന്ധിച്ച് ഇപ്പോൾ നടപടികൾ ഒന്നും സ്വീകരിച്ചിട്ടില്ല.

(സി) പൊതുവിപണിയിലെ വിലവർദ്ധനവ് നിയന്ത്രിച്ച് അവശ്യസാധനങ്ങളുടെ വില പിടിച്ചുനിർത്തുന്നതിനായി പൊതുവിപണിയിൽനിന്നും 20% വരെ വിലകുറച്ച് നന്മ സ്റ്റോറുകളിലൂടെയും വിലവർദ്ധനവിന് കൂടുതൽ സാദ്ധ്യതയുള്ള ഉത്സവകാലങ്ങളിൽ കൺസ്യൂമർ മേഖലയിലെ അപ്പെക്സ് സ്ഥാപനമായ കൺസ്യൂമർഫെഡിന്റെ സഹകരണത്തോടെ നടത്തുന്ന സബ്സിഡി വിപണന മേളകളിലൂടെയും അവശ്യസാധനങ്ങൾ വിപണനം നടത്തുന്നതിനുള്ള നടപടികളാണ് സഹകരണവകുപ്പ് സ്വീകരിച്ചിട്ടുള്ളത്. ഉത്സവകാല വിപണി ഇടപെടൽമൂലം വിലക്കയറ്റം തടയുന്നതിലുപരി കൃത്രിമക്ഷാമം ഉണ്ടാക്കുന്ന പ്രവണതകൾ നിയന്ത്രിക്കുവാനും സാധിച്ചിട്ടുണ്ട്.

## കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി

**94 (439)** <u>ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി പ്രകാരം ഈ സർക്കാരിന്റെ കാലയളവിൽ കാസർഗോഡ് ജില്ലയിൽ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട് ; ലഭിച്ച അപേക്ഷകളിൽ എത്ര എണ്ണം തീർപ്പാക്കി ; വിശദാംശങ്ങൾ അറിയിക്കാമോ ;

(ബി) എത്ര രൂപയുടെ ആനുകൂല്യം ഇതുവഴി ലഭ്യമാക്കിയെന്ന് വിശദമാക്കാമോ ?

<u>ഉത്തരം</u>

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

(എ) കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി പ്രകാരം ധനസഹായത്തിനായി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെയായി (31-5-2015 വരെ) കാസർഗോഡ് ജില്ലയിൽനിന്നും 1131 അപേക്ഷകൾ പദ്ധതി നടപ്പാക്കുന്ന കേരള സഹകരണ വികസന ക്ഷേമനിധി ബോർഡിന് ലഭിച്ചിട്ടുണ്ട്. ആയതിൽ 840 അപേക്ഷകളിൽ ധനസഹായം അനുവദിച്ചു. 143 അപേക്ഷകൾ നിരസിച്ചിട്ടുണ്ട്. 148 അപേക്ഷകളിൽ തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെയായി (31-5-2015 വരെ) കാസർഗോഡ് ജില്ലയിൽ 840 അപേക്ഷകളിലായി 3,91,96,913 രൂപ (മൂന്ന് കോടി തൊണ്ണൂറ്റൊന്ന് ലക്ഷത്തി തൊണ്ണൂറ്റാറായിരത്തി തൊള്ളായിരത്തി പതിമൂന്ന് രൂപ) യുടെ റിസ്ക് ഫണ്ട് ധനസഹായം അനുവദിച്ചിട്ടുണ്ട്.

## നന്മസ്റ്റോറുകൾ

**95 (440)** <u>ശ്രീ. സി. കൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൺസ്യൂമർ ഫെഡിന്റെ കീഴിൽ എത്ര നന്മ സ്റ്റോറുകൾ തുടങ്ങിയിട്ടുണ്ടെന്നും അവയിൽ എത്ര എണ്ണം ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടെന്നും ജില്ല തിരിച്ച് വിശദമാക്കാമോ ?

<u>ഉത്തരം</u>

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൺസ്യൂമർഫെഡിന് കീഴിൽ 869 നന്മസ്റ്റോറുകൾ തുടങ്ങിയിട്ടുണ്ടെങ്കിലും അവയിൽ 806 എണ്ണം മാത്രമേ ഇപ്പോൾ പ്രവർത്തിക്കുന്നുള്ളൂ. ജില്ലതിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു :

| ജില്ല | കൺസ്യൂമർഫെഡിന് കീഴിൽ അനുവദിച്ച നന്മ സ്റ്റോറുകൾ | കൺസ്യൂമർഫെഡിന് കീഴിൽ ഇപ്പോൾ പ്രവർത്തിച്ചുവരുന്ന നന്മ സ്റ്റോറുകൾ |
|---|---|---|
| 1 | 2 | 3 |
| തിരുവനന്തപുരം | 119 | 119 |
| കൊല്ലം | 199 | 177 |
| പത്തനംതിട്ട | 67 | 66 |